ക്രോഡീകരിച്ച കണക്ക് ലഭ്യമല്ല; വിവരം ശേഖരിച്ചു വരുന്നു.

(ബി) എത്ര രൂപയാണ് പ്രതിമാസം വാടകയിനത്തിൽ ചെലവ് വരുന്നതെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

4 (5155) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിനായി ഈ സർക്കാർ ഇറക്കിയ ഉത്തരവുകളിലൂടെ ഏതൊക്കെ ചെലവുകളാണ് കുറയ്ക്കുവാൻ സാധിച്ചത്; വ്യക്തമാക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദുഢീകരണം സാധ്യമാക്കുകയെന്ന നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണച്ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്കാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. സേവന ദാതാക്കൾ സേവന നിരക്കിൽ വരുത്തുന്ന മാറ്റങ്ങൾ, വാഹനങ്ങൾ ഉൾപ്പെടെയുള്ള സാധന സാമഗ്രികളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ, സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സർക്കാർ പുതിയ ഓഫീസുകൾക്കും സ്ഥാപനങ്ങൾക്കും നിയന്ത്രിത ചെലവുകളിന്മേൽ അനുമതി നൽകുന്നതടക്കമുള്ള കാരണങ്ങളാൽ ഈ ഇനങ്ങളിലുള്ള ചെലവുകളിൽ മേൽ പരാമർശിത നിയന്ത്രണങ്ങളിലൂടെ എത്രത്തോളം കുറവുവരുത്തുവാൻ സാധിച്ചിട്ടുണ്ടെന്ന് കണ്ടെത്തുക അപ്രായോഗികമാണ്.

സ്പാർക്ക് സംവിധാനത്തിലൂടെ പൊതു സ്ഥലംമാറ്റം

5(5156) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ വകുപ്പുകളിലും സ്പാർക്ക് സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി ഏതെല്ലാം വകുപ്പുകളിലാണ് ഇത് നടപ്പിലാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly